സാക്ഷരകേരളത്തിന്റെ ആദ്യാക്ഷരം

ദീപിക

THE FIRST MALAYALAM DAILY ESTD.1887

**26 September 2021**

# കടൽപായൽ കൃഷി ജനകീയമാക്കുന്നു



## വിത്തുബാങ്ക് സ്ഥാപിക്കാൻ കേന്ദ്ര നിർദേശം

**കൊച്ചി:** കടൽപായൽ കൃഷി ജനകീയമാക്കുന്നതിനായി വിത്തുബാങ്ക് സ്ഥാപിക്കാൻ സമുദ്രമത്സ്യഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) നിർദേശം. കേന്ദ്ര ഫിഷറീസ് സെക്രട്ടറിയായി ചുമതലയേറ്റശേഷം സിഎംഎഫ്ആർഐ സന്ദർശിക്കാനെത്തിയ ജതീന്ദ്രനാഥ് സ്വൈൻ അധികൃതർക്കു നേരിട്ടു നിർദേശം നൽകുകയായിരുന്നു.

ഏറെ വരുമാന സാധ്യതയുള്ള കടൽപായൽ കൃഷി അടിസ്ഥാനമാക്കിയുള്ള സുസ്ഥിര സമ്പദ്‌വ്യവസ്ഥ (സീവീഡ് ഇക്കോണമി) വികസിപ്പിക്കാൻ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതായി അദ്ദേഹം പറഞ്ഞു. സാധ്യമായ ഇടങ്ങളിലെല്ലാം വൻതോതിൽ കടൽപായൽ കൃഷി ചെയ്ത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വരുമാനം വർധിപ്പിക്കാനും ഇതുവഴി രാജ്യത്തിന്റെ സാമ്പത്തിക വളർച്ച കൂട്ടാനുമാണ് ശ്രമമെന്നും ജതീന്ദ്രനാഥ് പറഞ്ഞു. സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞരുമായി അദ്ദേഹം സംവദിച്ചു.

മരുന്നുകൾ, സൗന്ദര്യവർധക വസ്തുക്കൾ എന്നിവ ഉത്പാദിപ്പിക്കുന്നതിനും ഐസ്ക്രീം, പേസ്ട്രിസ് എന്നിവയുൾപ്പെടെയുള്ള ബേക്കറി സാധനങ്ങൾ നിർമിക്കുന്നതിനുമുള്ള അവിഭാജ്യഘടകമായ അഗാർ കടൽ പായലിൽനിന്നാണ് ഉത്പാദിപ്പിക്കുന്നത്. ഭക്ഷ്യവസ്തുക്കളിൽ ജെല്ലിംഗ് ഏജന്റായി പ്രവർത്തിക്കുന്ന കരാജീനൻ, ഉൾവ എന്നിവയും പായൽ അവശിഷ്ടത്തിൽനിന്നു ബയോ എഥനോളും ഉത്പാദിപ്പിക്കാനാകും.

കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാനും കടൽപായൽ കൃഷി അനുയോജ്യമാണ്. വൻതോതിൽ കാർബൺ ഡയോക്സൈഡിനെ ആഗിരണം ചെയ്ത് പിടിച്ചുവയ്ക്കാൻ കടൽപായലുകൾക്ക് ശേഷിയുണ്ട്. അലങ്കാര മത്സ്യങ്ങൾ, ചിപ്പികൾ, കടൽക്കുതിര, സീ അർച്ചിൻ തുടങ്ങിയ ജീവജാലങ്ങൾക്ക് കടൽപായലുകൾ ആവാസവ്യവസ്ഥ ഒരുക്കുകയും ചെയ്യുന്നു.